File No.TCPKZD/3036/2019-C1

"ഭരണഭാഷ-മാതൃഭാഷ"

നഗര-ഗ്രാമാസൂത്രണ വകുപ്പ്

കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം

(ഹാജർ . ഐഷ.പി.എ)

വിഷയം:-കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ,റീസർവേ 89/6 ൽപെട്ട സ്ഥലത്തു നിർമിച്ച മൂന്നനില കെട്ടിടം (അനധികൃത നിർമാണം ) ക്രമവത്കരിക്കുന്നതിനു ശ്രീമതി സരസ്വതി മുതൽപേർ എന്നവരുടെ അപേക്ഷയിൽ -അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:-1) G.O(P) No. 12/2018/LSGD dated 15.02.2018

2) G.O(Rt) No. 857/2018/LSGD dated. 27/03/2018

3) സെക്രട്ടറിയുടെ 30.08.2019-ലെ എ 1-2932/2018 നമ്പർ കത്ത്.

4) അനധികൃത നിർമാണം ക്രമവൽക്കരിക്കുന്നതിനായുള്ള കമ്മിറ്റിയുടെ 21.10.2019-ലെ യോഗ തീരുമാനം

റ്റിസിപികെഇസെഡ് ഡി- 3036/2019-സി1/കെ.ഡിസ് തീയതി. 02/11/2019

കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ റീസർവേ 89/6 ൽപെട്ട സ്ഥലത്തു നിർമിച്ച മൂന്നനിലകെട്ടിടം ക്രമവത്കരിക്കുന്നതിനു കേരള പഞ്ചായത്ത് കെട്ടിട ( അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) നിർമ്മാണചട്ടം-**2018** പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമാണം നടത്തിയ പ്ലോട്ടിൻറെ ഉടമസ്ഥത, അതിരളവുകൾ, അപേക്ഷകന് നിർമാണം നടത്തുന്നതിനുള്ള അവകാശം, തരം എന്നിവ സെക്രട്ടറി പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്

2. നിലവിൽ നിർമാണം നടത്തിയിരിക്കുന്നതും പൊളിച്ചുനീക്കാമെന്നു രേഖപ്പെടുത്തിയതുമായ ഭാഗം പൊളിച്ചു മാറ്റിയശേഷം മാത്രമേ ഒക്യൂപ്പൻസിഅനുവദിക്കാൻപാടുള്ളൂ .

3. പ്ലാനുകളിൽ പ്രൊപ്പോസൽ ആയി കാണിച്ചവ നിർമിച്ചിട്ടുണ്ടെന്ന് ഒക്യൂപ്പൻസി അനുവദിക്കുന്നതിനുമുമ്പ് ഉറപ്പുവരുത്തേണ്ടതാണ്.

4. ഈ ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടത്തിൽ പിന്നീട് കൂട്ടിച്ചേർത്ത് നിർമാണം അനുവദിക്കുവാനോ ക്രമവൽക്കരണം അനുവദിക്കുവാനോ പാടുള്ളതല്ല. ഈ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ് .

5. കോമ്പൌണ്ടിങ് ഫീ ആയി 18463/-രൂപ അടച്ചിരിക്കേണ്ടതാണ്. ഇതിൽ പകുതി തുക "0515-other development programme 800-other receipts-92-"compounding fee for regularization of unauthorized construction violating provisions of building rules" എന്ന ഹെഡ് ഓഫ് അക്കൌണ്ടിൽ സർക്കാർ ട്രഷറിയിലും ബാക്കി പകുതി ബന്ധപ്പെട്ട പഞ്ചായത്തിലും അടവാക്കേണ്ടതാണ്.

അംഗീകരിച്ച സൈറ്റ്പ്ലാൻ ...../..../93/2019 എന്ന നമ്പരായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

ഐഷ പി.എ

നഗരാസൂത്രക,

കോഴിക്കോട്

സെക്രട്ടറി, കാവിലുംപാറഗ്രാമപഞ്ചായത്ത്(ഒരു സെറ്റ് പ്ലാൻ)

പകർപ്പ്.- 1) അപേക്ഷകന്

2) വെബ്സൈറ്റ് 3) കരുതൽ

DESPATCHED

O/C 04/11/19